# Deepika

## 18 July 2018

## Ambalur, Heavy Rain, Road Damaged

# ആമ്പല്ലൂരിൽ റോഡ് തകർന്നു



ആമ്പല്ലൂർ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ തുകലൻ റോഡ് കനത്ത മഴയിൽ തകർന്നപ്പോൾ.

**ആമ്പല്ലൂർ:** തുടർച്ചയായി പെയ്ത കനത്തമഴയിൽ ആമ്പല്ലൂരിൽ റോഡ് തകർന്നു. ആമ്പല്ലൂർ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ തുകലൻ റോഡാണ് മഴയിൽ താറുമാറായത്. നിർമാണം പൂർത്തിയായ തൊണ്ടിലങ്ങാടി-കാഞ്ഞിരമറ്റം റോഡിനെ കോട്ടയം-എറണാകുളം സംസ്ഥാന പാതയുമായിബന്ധിപ്പിക്കുന്നറോഡാണിത്.

നിർദിഷ്ട തീരദേശ റോഡ് മില്ലുങ്കലേക്ക് നിർമാണം പൂർത്തിയായെങ്കിലും ടാറിംഗ് നടക്കാത്തതിനാൽ ജനങ്ങൾ ഏറെ ആശ്രയിച്ചിരുന്നത് ഈ റോഡിനെയായിരുന്നു.